# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 175 04.02.2013 ലെ മറുപടിക്ക്

## എയർ കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>,, എ. പി. അബ്ദുള്ളക്കുട്ടി:<br>,, കെ. അച്ചുതൻ:<br>,, ഹൈബി ഈഡൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കമോ; | (എ) | പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞചിലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | ഉണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ നാല് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.എയർ കേരളയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഏകോപനം, പട്ടികയിൽപ്പെട്ട എയർ ലൈനുകൾക്കുള്ള എൻ.ഒ.സിക്ക് വേണ്ടിയുള്ള അപേക്ഷ തയ്യാറാക്കുക, എയർലൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ സജ്ജീകരണങ്ങൾ തയ്യാറാക്കുക, വിവിധ ഏജൻസികളും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തുക തുടങ്ങിയവയാണ് കോർ കമ്മിറ്റിയുടെ ചുമതലകൾ. |
| (സി) | കോർ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കമോ; | | |
| (ഡി) | പദ്ധതിയ്ക്കുള്ള അപേക്ഷ ഡി.ജി.സി.എ.ക്ക് നൽകിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഇ) | പദ്ധതിയുടെ പഠന റിപ്പോർട്ട് പുതുക്കി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ